# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## ദൈവത്തിന്റെ അംബാസഡർ




സ്കൂളിൽ പഠിക്കുമ്പോഴാണ് ജോർജ്ജിന് ആദ്യമായി ആ ചോദ്യം നേരിടേണ്ടിവന്നത്: 'നിങ്ങളുടെ അമ്മയുടെ ജോലി എന്താണ്?'. ഡോക്ടർ, എഞ്ചിനീയർ, ടീച്ചർ... അങ്ങനെ സഹപാഠികളോരോരുത്തരും മറുപടി പറയുന്നതിനിടയിൽ ജോർജ്ജ് ചിന്തിക്കുകയായിരുന്നു, താൻ പറയേണ്ടിവരുന്ന ഉത്തരത്തെപ്പറ്റി. തന്റെ മാതാവ് ഒരു സുവിശേഷ പ്രഘോഷകയാണെന്ന് എങ്ങനെ പറയും? എല്ലാവരും ചിരിക്കില്ലേ.. ഒടുവിൽ ഒരു വെളിപാടെന്ന പോലെ ആ ആശയം ജോർജ്ജിന്റെ കുഞ്ഞുമനസ്സിൽ മിന്നി. 'എന്റെ അമ്മ ഒരു 'Housewife' ആണ്', ജോർജ്ജിന്റെ മറുപടി.

വീട്ടിലെത്തിയപ്പോൾ സ്കൂളിലെ വിശേഷങ്ങളോരോന്നായി പറയുന്നതിനിടെ ഇക്കാര്യവും ജോർജ്ജ് അവതരിപ്പിച്ചു. എന്നാൽ അമ്മക്ക് ആ തമാശ അത്ര രസിച്ചില്ല. 'ഞാൻ ദൈവത്തിന്റെ അംബാസഡറാണ്', അമ്മ പറഞ്ഞു. ദൈവത്തിന്റെ അംബാസിഡർ എന്നു പറഞ്ഞാൽ എന്താണെന്ന് അന്ന് ജോർജ്ജിന് മനസ്സിലായില്ല. എന്നാലിന്ന് ജോർജ്ജും ദൈവത്തിന്റെ അംബാസഡറാണ് പ്രശസ്ത വചന പ്രഘോഷകനും ന്യൂറോസർജനുമായ ജോർജ്ജ് കോവൂർ.

ഏറെ സംഭവബഹുലമായിരുന്നു ജോർജ്ജിന്റെ ജനനവും തുടർന്നുള്ള ദിനങ്ങളും. സാധാരണ കുട്ടികളെക്കാൾ നാലിരട്ടി വലിപ്പമുള്ള തലയുമായാണ് ജോർജ്ജ് ജനിച്ചത്. തലയിൽ വെള്ളം കെട്ടിനിൽക്കുന്ന അപൂർവ്വ തരം രോഗമായിരുന്നു കാരണം. മാതാപിതാക്കൾ കുട്ടിയെ വെല്ലൂർ മെഡിക്കൽ കോളേജിൽ ചികിത്സക്കായി കൊണ്ടുപോയി. ഈ രോഗത്തിന് ചികിത്സയില്ലെന്നും കുട്ടിക്ക് അൽപായുസ്സ് മാത്രമേ ഉള്ളൂവെന്നും ഡോക്ടർമാർ വിധിയെഴുതി. എന്നാൽ ജോർജ്ജിന്റെ മാതാപിതാക്കൾ നിരാശരായില്ല. അനേകർക്കു വേണ്ടി എന്നും ദൈവതിരുസന്നിധിയിൽ പ്രാർത്ഥിക്കാറുള്ള അവർ തങ്ങളുടെ കുഞ്ഞിനെ മടിയിലിരുത്തി പ്രാർത്ഥിക്കാനാരംഭിച്ചു. ഒരു വർഷത്തിനു ശേഷം കുട്ടിയെക്കൊണ്ട് അവർ വീണ്ടും വെല്ലൂരിൽ എത്തി. ഡോക്ടർമാർ അത്ഭുതപ്പെട്ടു. തലയുടെ നീളം 30 മില്ലിമീറ്റർ കുറഞ്ഞിരിക്കുന്നു! പിന്നീട് അത് ഒരു സെന്റിമീറ്ററായി, രണ്ടു സെന്റിമീറ്ററായി, മൂന്നും നാലുമായി.. ജോർജ്ജിന് 14 വയസ്സ് ആയപ്പോഴേക്കും തല പൂർണ്ണമായും സാധാരണ കുട്ടികളുടേതു പോലെയായി.

14ാം വയസ്സിലാണ് ഒന്നാം ക്ലാസിൽ ചേരുന്നത്. മറ്റു കുട്ടികളെപ്പോലെ പഠിക്കാൻ എളുപ്പമായിരുന്നില്ല അവന്. എന്നാൽ ഓരോ ക്ലാസുകൾ കഴിയുംതോറും ക്ലാസിൽ ജോർജ്ജിന്റെ സ്ഥാനം ഉയർന്നുവന്നുകൊണ്ടിരുന്നു. 10ാം ക്ലാസിൽ എത്തിയപ്പോഴേക്കും ക്ലാസിൽ ഒന്നാമനായി. പ്രീഡിഗ്രിക്ക് ചേർന്ന് സയൻസ് പഠിച്ചു. അവിടെയും ഒന്നാം റാങ്ക്. ചെറുപ്പത്തിൽ ഡോക്ടർമാരെ പേടിയായിരുന്ന ജോർജ്ജിന്. പിന്നീട് ആ തൊഴിലിനോട് ആരാധന തോന്നി. മെഡിസിൻ പഠിക്കണമെന്ന ആഗ്രഹം ശക്തമായി. എംബിബിഎസ് പഠനകാലത്തും എല്ലാ ക്ലാസിലും ഒന്നാമനായിരുന്നു ജോർജ്ജ്. എംബിബിഎസ് പഠനശേഷം എംഎസും ന്യൂറോസർജറിയും പാസ്സായി.

ജീവിത വിജയത്തിന്റെ മന്ത്രമെന്താണെന്നു ചോദിച്ചാൽ ഡോക്ടർ കോവൂരിന് ഒരുത്തരമേ ഉള്ളൂ ദൈവാശ്രയത്വം. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യം അന്വേഷിക്കുക, ബാക്കിയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിച്ചുകൊള്ളും എന്ന് സ്വന്തം ജീവിതം സാക്ഷി നിർത്തി ഡോ.ജോർജ്ജ് കോവൂർ പറയും. ഡോക്ടറുടെ ജീവിതത്തിൽ ദൈവം സവിശേഷമാം വിധം ഇടപെട്ട സാഹചര്യങ്ങൾ അനവധി. പ്രാർത്ഥന നിറഞ്ഞുനിന്ന കുടുംബാന്തരീക്ഷത്തിലാണ് വളർന്നത്. ചെറുപ്പത്തിൽ തന്നെ അലട്ടിയിരുന്ന രോഗങ്ങളെപ്പോലും ദൈവത്തോടു കൂടുതൽ ചേർന്നുനിൽക്കാൻ ലഭിച്ച അവസരങ്ങളായാണ് ഡോ.ജോർജ്ജ് കാണുന്നത്. 12 വയസ്സു മുതൽ തന്നെ കൂട്ടുകാരുൾപ്പെടുന്ന ചെറിയ കൂട്ടങ്ങളിൽ ജോർജ്ജ് വചനം പ്രസംഗിച്ചിരുന്നു. പഠിക്കാനിരിക്കുമ്പോൾ പോലുമുണ്ടായിരുന്നു ദൈവത്തിന്റെ ഈ ഇടപെടൽ. തന്നിൽ പ്രവർത്തിച്ചിരുന്നത് മാനുഷിക ജ്ഞാനമല്ല, മറിച്ച് ദൈവിക ജ്ഞാനമാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നു. താൻ പഠിച്ച പാഠഭാഗങ്ങൾ മാത്രമേ പരീക്ഷക്ക് ചോദിച്ചിരുന്നുള്ളൂ എന്നത് ഡോക്ടറുടെ അനുഭവസാക്ഷ്യം.

പുതിയ കാലത്തെ യുവജനങ്ങളോട് ഡോക്ടർക്ക് പറയാനുള്ളത് ഇത്രയുമാണ്: 'ദൈവത്തെ അന്വേഷിക്കുക, ഇന്ന് അതിനുള്ള അവസരം കുറവാണെങ്കിൽ പോലും. യൗവനത്തിൽ നിന്റെ സൃഷ്ടാവിനെ ഓർത്തുകൊള്ളുക എന്ന തിരുവചനമോർക്കുക. 'ഒന്നിലും സന്തോഷം തോന്നുന്നില്ല എന്നു നീ പറയുന്ന ദുർദിനങ്ങളും വർഷങ്ങളും ആഗമിക്കും മുമ്പ് യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക' (സഭാപ്രസംഗകൻ 12:1).

തൃശ്ശൂരിലെ ഹാർട്ട് ഹോസ്പിറ്റലിലും വൈക്കം ഇൻഡോ അമേരിക്കൻ ആശുപത്രിയിലും ന്യൂറോ സർജനായി സേവനമനുഷ്ഠിക്കുകയാണ് ഡോക്ടർ ജോർജ്ജ് കോവൂർ ഇപ്പോൾ.. സുവിശേഷപ്രഘോഷണരംഗത്തും സജീവം.

കടപ്പാട്: hrudayavayal.com